"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ്- ബഹു. തിരുവനന്തപുരം അഡീഷണൽ സബ്കോടതിയുടെ എൽ.എ.ആർ. കേസ് നം. 270/08 ലെ ഉത്തരവ് - നഷ്ടപരിഹാര തുക ഒടുക്കൽ - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.948/2026/PWD തിരുവനന്തപുരം, തീയതി,17-08-2026

---

പരാമർശം:- 1) സ.ഉ.(സാധാ) നം.1916/2018/PWD തീയതി 13.12.2018.
2) സഉ(അച്ചടി) 32/2019/ധന തീയതി 18.03.2019.
3) സ.ഉ.(സാധാ) നം.2/2026/PWD തീയതി 01.01.2026.
4) ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറുടെ 18.07.2026 ലെ CEPWD/2488/2025-C3(F)-NH നമ്പർ കത്ത്.

**ഉത്തരവ്**

ബഹു. തിരുവനന്തപുരം അഡീഷണൽ സബ്കോടതിയുടെ എൽ.എ.ആർ കേസ്.നം.**270/08** ലെ ഉത്തരവ് അനുസരിച്ച് പ്രസ്തുത കേസ് തീർപ്പാക്കുന്നതിലേയ്ക്കായി പരാമർശം **1** ലെ ഉത്തരവ് പ്രകാരം **₹1,87,559/-** രൂപ അനുവദിച്ചിരുന്നു. തുടർന്ന് പ്രസ്തുത കേസിൽ **30.06.2025** വരെ പലിശ കണക്കാക്കി ബാക്കി തുകയായ **₹25837/-** രൂപ പരാമർശം **3** ലെ ഉത്തരവ് പ്രകാരം അനുദിച്ചിരുന്നു. ഈ കേസിൽ ബാക്കി വിധി തുക അനുവദിക്കുന്നതിനായി **27.10.2025** വരെ പലിശ കണക്കാക്കി **683/-**(അറുനൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം) രൂപ അനുവദിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ബഹു. തിരുവനന്തപുരം അഡീഷണൽ സബ്കോടതിയുടെ എൽ.എ.ആർ കേസ്.നം. 270/08 ലെ ഉത്തരവ് പ്രകാരം ഒടുക്കുവാനുള്ള ബാക്കി തുകയായ ₹683/-(അറുനൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം) രൂപയുടെ ഭരണാനുമതി ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് ഉത്തരവാകുന്നു. പ്രസ്തുത തുക '5054-01-800-97-പി (സി)' എന്ന ശീർഷകത്തിൽ വകയിരുത്തപ്പെട്ട തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിനോദ് വി ആർ
അഡിഷണൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ദേശീയപാത വിഭാഗം, തിരുവനന്തപുരം.
എക്സി.എഞ്ചിനീയർ (ദേശീയപാതാ) പൊതുമരാമത്ത് വകുപ്പ്, കൊല്ലം.

ജില്ലാകളക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Digitally signed by
Rajesh M R
Date: 17-08-2026
17:47:05

സെക്ഷൻ ഓഫീസർ